പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5709 | 24.05.2017 ൽ മറുപടിയ്ക്ക്

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ-നിന്ന് രാജിവച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് രാജിവച്ച് പോയിട്ടുള്ള പല ജീവനക്കാരുടെയും ജോലിചെയ്തിരുന്ന കാലയളവുകളിലെ ഡിപ്പോ ഇൻസന്റീവ്, ഇൻക്രിമെന്റ് അരിയർ, ഡി.എ. അരിയർ, പേ-റിവിഷൻ അരിയർ എന്നിവ നൽകാതെ തടഞ്ഞ് വച്ചിരിക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഏത് ഉത്തരവ് പ്രകാരമാണ് പ്രസ്തുത തുക അനുവദിക്കാത്തതെന്ന് അറിയിക്കാമോ; | (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും രാജിവച്ച് പോയിട്ടുള്ള ജീവനക്കാരുടെ ഡി.എ. അരിയർ, ഡിപ്പോ ഇൻസെൻറീവ്, ഇൻക്രിമെൻറ് അരിയർ, പേറിവിഷൻ അരിയർ എന്നിവ നൽകാതെ തടഞ്ഞുവച്ചിരിക്കുന്ന സാഹചര്യം നിലവിലില്ല. അപേക്ഷ സമർപ്പിച്ചവരുടെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) രാജിവച്ച് പോയ എത്ര ജീവനക്കാർക്കാണ് ഇപ്രകാരം ആനുകൂല്യങ്ങൾ നൽകാൻ ബാക്കിയുള്ളത്; അർഹമായ ആനുകൂല്യം യഥാസമയം നൽകാതിരിക്കുന്നത് മൂലം ജീവനക്കാർക്കുണ്ടാകുന്ന നഷ്ടം ഏത് തരത്തിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) യും (സി) യും | തിരുവനന്തപുരം മേഖലാ ആഫീസിന് കീഴിൽ 83 ജീവനക്കാർക്കും, എറണാകുളം മേഖലയിൽ 44 ജീവനക്കാർക്കും, കോഴിക്കോട് മേഖലയിൽ 17 ജീവനക്കാർക്കും ആനുകൂല്യങ്ങൾ നൽകാനുണ്ട്. ആനുകൂല്യങ്ങൾക്കായുള്ള പ്രസ്തുത ജീവനക്കാരുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആയത് വിതരണം ചെയ്യുന്നതാണ്. |
| (സി) ഇത്തരത്തിൽ വിതരണം ചെയ്യാനുള്ള കുടിശ്ശിക, ഇൻസന്റീവ് എന്നിവ അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ